ഉത്തരം

(എ) വിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. †

(ബി) വിവരം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്. †

(സി) 98,24,22,322 (തൊണ്ണൂറ്റിയെട്ട് കോടി ഇരുപത്തിനാല് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി മുന്നൂറ്റി ഇരുപത്തിരണ്ട്) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് 17,156 പേരെ അറസ്റ്റ് ചെയ്യുകയും 4,688 പേരെ പിടികൂടാനുമുണ്ട്.

(ഇ) 6,359 കേസുകൾ.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

ആരാധനാലയങ്ങളിലെ കവർച്ച

75 [76] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് എത്ര ദേവാലയങ്ങളിൽ മോഷണങ്ങൾ നടന്നിട്ടുണ്ട്;

(ബി) അമ്പലങ്ങളിലും, കൃസ്ത്യൻ, മുസ്ലീം ദേവാലയങ്ങളിലായി എത്ര മോഷണങ്ങൾ നടന്നുവെന്നും ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ;

(സി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഇതേ കാലയളവിൽ ഏതെല്ലാം ക്ഷേത്രങ്ങളിലെ വിഗ്രഹങ്ങളാണ് മോഷണം പോയിട്ടുള്ളതെന്ന് പറയാമോ;

(ഇ) അന്വേഷണത്തെ തുടർന്ന് ഏതെല്ലാം ദേവാലയങ്ങളിലെ മോഷണ വസ്തുക്കളാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) 999 ദേവാലയ മോഷണങ്ങൾ നടന്നിട്ടുണ്ട്. വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു. †

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിശദവിവരങ്ങൾ അനുബന്ധം 2-ൽ ചേർക്കുന്നു. †

(ഇ) വിശദവിവരങ്ങൾ അനുബന്ധം 3-ൽ ചേർക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly